പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4237 03.02.2014 -ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റം സംസ്ഥാനത്ത് ഒരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്ന വസ്തുത സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; | (എ) അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ എന്ന സ്ഥാപനം മുഖേന പഠനവിധേയമാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംസ്ഥാനത്തിന്റെ തൊഴിൽ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) മാനവശക്തി ആവശ്യമായ മിക്ക ജോലികളിലും അന്യസംസ്ഥാന തൊഴിലാളികളാണ് പണി എടുക്കുന്നത് എന്നും അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ് എന്ന സാഹചര്യത്തിൽ ഇവരുടെ വരവ് നിയന്ത്രിക്കുന്നത് പ്രായോഗികമല്ല എന്നും പഠനറിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) കേരളത്തിൽ തൊഴിലിനായി എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനും അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും മറ്റും ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.